ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1004

# സൂറ – 31 / ലുഖ്മാൻ

## സൂക്തം: 06 – 07

പ്രകൃത സൂക്തങ്ങൾ വിമർശിക്കുന്നത് സംഗീത കലകളുടെ പൊതുവായ പ്രയോഗത്തെയല്ല; ആളുകളെ സന്മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാനും സന്മാർഗത്തെ പരിഹസിക്കാനും ഉദ്ദേശിച്ചുള്ള സംഗീത-സാഹിത്യ-കലാ പ്രകടനങ്ങളെയാണ്. അനുവാചക മനസ്സുകൾ വിമലീകരിക്കാനും ദൈവിക മാർഗത്തിലേക്കാകർഷിക്കാനും ദൈവിക മാർഗത്തെ മഹത്വപ്പെടുത്താനും ഈ കലകളെ ഉപയോഗിക്കുന്നത് അഭിലഷണീയമാവുക എന്നത് അതിന്റെ മറുവശമാണ്. ഈ കാലഘട്ടം ഇസ്‌ലാമിക പ്രവർത്തകരോട് ആവശ്യപ്പെടുന്ന സമീപനവുമാണത്.

وَمِنَ النَّاسِ مَن يَشْتَرِي لَهْوَ الْحَدِيثِ لِيُضِلَّ عَن سَبِيلِ اللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا ۚ أُولَٰئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٦﴾

وَإِذَا تُتْلَىٰ عَلَيْهِ آيَاتُنَا وَلَّىٰ مُسْتَكْبِرًا كَأَن لَّمْ يَسْمَعْهَا كَأَنَّ فِي أُذُنَيْهِ وَقْرًا ۖ فَبَشِّرْهُ بِعَذَابٍ أَلِيمٍ ﴿٧﴾

6. ചില ആളുകൾ തമാശ വർത്തമാനങ്ങൾ വിലകൊടുത്തു വാങ്ങുന്നു; ഒരു വിവരവുമില്ലാതെ ദൈവികസരണിയിൽനിന്ന് ജനത്തെ പിഴപ്പിക്കാനും ആ സരണിയെ പരിഹാസപാത്രമാക്കാനും. അത്തരക്കാർക്കുള്ളത് നിന്ദ്യമായ ശിക്ഷയത്രെ.

7. നമ്മുടെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കപ്പെടുമ്പോൾ അവൻ അഹന്തയോടെ തിരിഞ്ഞുകളയുന്നു; അവനതു കേൾക്കുന്നേയില്ല എന്നവണ്ണം, ചെവികളിൽ അടപ്പിട്ടതുപോലെ. അവനെ വേദനയേറിയ ശിക്ഷയുടെ സുവിശേഷമറിയിച്ചുകൊള്ളുക.

**6,7**

وَمِنَ النَّاسِ= മനുഷ്യരിൽ (ആളുകൾ) مَن= ചിലർ يَشْتَرِي= വില കൊടുത്തു വാങ്ങുന്നു

لَهْوَ الْحَدِيثِ= വിനോദ വർത്തമാനങ്ങൾ, സംഭവങ്ങൾ لِيُضِلَّ= (ജനത്തെ) പിഴപ്പിക്കാൻ, വ്യതിചലിപ്പിക്കാൻ

عَن سَبِيلِ اللَّهِ= ദൈവികസരണിയിൽനിന്ന് بِغَيْرِ عِلْمٍ= ഒരു വിവരവുമില്ലാതെ

وَيَتَّخِذَهَا هُزُوًا= (ആ സരണിയെ പരിഹാസപാത്രമാക്കാനും) അതിനെ പരിഹാസമായിട്ട് എടുക്കാനും

أُولَٰئِكَ = അത്തരക്കാർ لَهُمْ= (ഉള്ളത്) അവർക്കുണ്ട് عَذَابٌ مُّهِينٌ = നിന്ദ്യമായ ശിക്ഷയത്രെ

وَإِذَا تُتْلَىٰ عَلَيْهِ= ഓതിക്കേൾപ്പിക്കപ്പെടുമ്പോൾ അവന്റെ മേൽ آيَاتُنَا= നമ്മുടെ സൂക്തങ്ങൾ

وَلَّىٰ= (കളയുന്നു) അവൻ തിരിഞ്ഞു مُسْتَكْبِرًا = അഹ(ന്തയോടെ)ങ്കാരിയായ നിലയിൽ

كَأَن لَّمْ يَسْمَعْهَا= എന്നവണ്ണം അവൻ അതു കേ(ൾക്കുന്നേയില്ല)ട്ടിട്ടില്ല

كَأَنَّ فِي أُذُنَيْهِ= (ഇട്ട)തുപോലെ അവന്റെ രണ്ടു ചെവികളിൽ ഉള്ള وَقْرًا = അടപ്പ്

فَبَشِّرْهُ= ആകയാൽ അവനെ സുവിശേഷമറിയിച്ചുകൊള്ളുക بِعَذَابٍ أَلِيمٍ= വേദനയേറിയ ശിക്ഷ(യുടെ) കൊണ്ട്

ദൈവിക സൂക്തങ്ങളുടെ മഹത്വവും പ്രയോജനവും എന്താണെന്നും ആരാണത് പ്രയോജനപ്പെടുത്തുന്നവരെന്നും അവരാണ് യഥാർഥത്തിൽ ജന്മസാഫല്യം നേടുന്ന സന്മാർഗികളെന്നും വ്യക്തമാക്കിയ ശേഷം ഈ സൂക്തങ്ങളെ തള്ളിപ്പറയുന്നവരെക്കുറിച്ച് പറയുകയാണ്. لَهْوَ الْحَدِيثِ സൂറ *അൽഅൻആം* 112-ാം സൂക്തത്തിൽ വന്നിട്ടുള്ള زُخْرُفَ الْقَوْلِ (മോഹന വർത്തമാനം)-ന് സമാനമായ പ്രയോഗമാണ്. സൃഷ്ടിപരമായ ഒരു ലക്ഷ്യവുമില്ലാതെ വെറുതെ നേരംപോക്കുകയാണ് لَهْو. അതിനുവേണ്ടി ചെയ്യുന്ന എല്ലാ കാര്യങ്ങളും لَهْوَ الْحَدِيثِ ആകുന്നു. ഭാഷാർഥത്തിൽ حَدِيث വർത്തമാനമാണ്. സംഭവം, ചരിത്രം, കഥ തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കും. വാങ്ങലിനെയും വിൽക്കലിനെയും കുറിക്കുന്ന شرى എന്ന മൂലത്തിൽനിന്നുള്ളതാണ് اشترى. സൂറഃ *യൂസുഫ്* 20-ാം സൂക്തത്തിൽ وَشَرَوْهُ بِثَمَنٍ بَخْسٍ എന്നു പറഞ്ഞത് 'അവരവനെ തുഛ വിലയ്ക്ക് വിറ്റു' എന്ന അർഥത്തിലാണ്. വിലകൊടുത്തു വാങ്ങി എന്ന അർഥത്തിൽ മാത്രമേ اشترى ഉപയോഗിക്കൂ. ഭാഷാർഥത്തിൽ അറിവാണ് علم. വേദജ്ഞാനം, തെളിവ്, പ്രമാണം തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കും. തെളിവ് ആണ് ഇവിടെ ഉദ്ദേശ്യമെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. അറിവ് എന്ന ഭാഷാർഥവും സന്ദർഭോചിതമാകുന്നു.

സൂക്തസാരം: ജ്ഞാനപ്രദവും സന്മാർഗദർശകവും അനുഗൃഹീതവുമായ ഈ വേദസൂക്തങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് ചിലയാളുകൾ സാഹിത്യത്തിന്റെയും സംഗീതത്തിന്റെയും കലയുടെയും പേരിൽ, പ്രയോജനരഹിതമായ തമാശകൾ വിലകൊടുത്തു വാങ്ങിക്കൊണ്ടുവന്ന് പ്രചരിപ്പിക്കുന്നു. ആളുകളെ ദൈവികസരണിയിൽനിന്ന് അകറ്റുകയാണവരുടെ ലക്ഷ്യം. ദൈവികസരണിയെ പരിഹാസപാത്രമായിട്ടാണവർ കാണുന്നത്. വാസ്തവത്തിൽ അജ്ഞരും മൂഢരുമാണവർ. തങ്ങൾ പരിഹസിച്ചുതള്ളുന്ന ദൈവിക സന്ദേശത്തിന്റെ യാഥാർഥ്യമോ തങ്ങളുടെ നടപടിയുടെ യാഥാർഥ്യമോ അവർ അറിയുന്നില്ല. ഇത് പരിഹാസ്യവും വർജ്യവുമാണെന്നതിനോ ജനങ്ങൾ ഇതിൽനിന്ന് അകന്നുപോകേണ്ടതാണെന്നതിനോ യാതൊരു തെളിവും ന്യായവും അവരുടെ പക്കലില്ല. തങ്ങൾ വിശ്വസിക്കേണ്ടതും ആചരിക്കേണ്ടതുമായ കാര്യങ്ങളെല്ലാം പൂർവികരിൽനിന്ന് പകർന്നുകിട്ടിയിട്ടുണ്ട്. പുതുതായി ഒന്നും ആരും തങ്ങളെ പഠിപ്പിക്കേണ്ടതില്ല. ആത്മീയ-ധാർമിക കാര്യങ്ങളിൽ പുതുതായി എന്തെങ്കിലും പഠിക്കുന്നതും പ്രവർത്തിക്കുന്നതും തങ്ങൾക്ക് അപമാനകരമാണ്. തങ്ങൾ അജ്ഞരാണെന്നും പൂർവികർ പകർന്നുതന്നത് ശരിയല്ലെന്നുമാണല്ലോ അതിനർഥം. അതൊരിക്കലും സമ്മതിക്കാനാവില്ല. സമ്മതിച്ചുകൊടുത്താൽ തങ്ങളുടെ മഹത്തായ പൈതൃക സംസ്കാരം തകർന്നുപോകും. ലോകരിൽ തങ്ങൾക്കുള്ള സ്ഥാനമാനങ്ങൾ നഷ്ടപ്പെടുകയും തങ്ങളുടെ സമ്പദ്ഘടനയാകെ താറുമാറാവുകയും ചെയ്യും. അന്ധമായ ഈ ഗോത്ര ദുരഭിമാനവും അഹന്തയും സ്വാർഥ ചിന്തയും മൂലം ഖുർആൻ സൂക്തങ്ങൾ ഓതിക്കൊടുത്താൽ അതു കേൾക്കാനേ അവർ തയാറാകുന്നില്ല. അതു കേൾക്കുന്നേയില്ലെന്നപോലെ, അതിന്റെ ശബ്ദം അകത്തുകടക്കാത്തവണ്ണം കാതിന് അടപ്പിട്ടിരിക്കുന്നുവെന്നവണ്ണം അവർ പുറംതിരിഞ്ഞുപോവുകയാണ്.

വ്യാപാരാവശ്യാർഥം പേർഷ്യയിൽ പോകാറുണ്ടായിരുന്ന നദ്ർ ബിൻ ഹാരിസ് അവിടെനിന്ന് പേർഷ്യൻ രാജാക്കന്മാരുടെയും ഇതിഹാസ പുരുഷന്മാരുടെയും കഥകൾ പണം മുടക്കി അറബിയിലേക്ക് തർജമ ചെയ്തു കൊണ്ടുവരാറുണ്ടായിരുന്നു. ഖുറൈശികളോട് അയാൾ പറയും: മുഹമ്മദ് നിങ്ങളോട് ആദ്-സമൂദ്-മിദ്യാൻ ഗോത്രങ്ങളുടെയും ഫറവോന്റെയും കഥകളാണല്ലോ പറയുന്നത്. അയാളെ വെടിഞ്ഞ് ഇങ്ങോട്ടു വരൂ. ഞാനിതാ അതിനേക്കാൾ രസകരമായ കഥകൾ കൊണ്ടുവന്നിരിക്കുന്നു. ഈ കഥകൾ അവതരിപ്പിക്കാൻ അയാൾ നിശാ സദസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ഖുറൈശികളെ ആകർഷിക്കാൻ ഇബ്നു ഖത്വൽ എന്ന ഒരാൾ പാട്ടുകാരികളെ ഇറക്കുമതി ചെയ്തു സംഗീത സദസ്സുകൾ നടത്തിയിരുന്നതായും പ്രസ്താവമുണ്ട്. മുഹമ്മദ് നബി(സ)യിൽനിന്നും ഖുർആൻ ശ്രവണത്തിൽനിന്നും ആളുകളെ അകറ്റുകയായിരുന്നു ഇതിന്റെയും ലക്ഷ്യം. ഈ സാഹചര്യത്തിലാണ് പ്രകൃത സൂക്തങ്ങൾ അവതരിക്കുന്നത്. ഇത്തരം നടപടികളിലേർപ്പെടുന്നവരെ അപമാനകരവും വേദനയേറിയതുമായ ശിക്ഷ കൊണ്ട് താക്കീതു ചെയ്യുകയാണ്. ശിക്ഷയെ നിന്ദ്യം- مُّهِينٌ എന്നു വിശേഷിപ്പിക്കുന്നതിന് രണ്ടു താൽപര്യമുണ്ട്: 1) അന്ധമായ അഹന്തകൊണ്ടും ധാർഷ്ട്യം കൊണ്ടുമാണ് അവർ ഖുർആനിനെ തള്ളിപ്പറയുന്നതും ദൈവിക സന്മാർഗത്തെ പരിഹസിക്കുന്നതും. അതിന്റെ ഫലമായി അവർക്കു ലഭിക്കാൻ പോകുന്നത് അവരെ എന്നന്നേക്കുമായി നിന്ദിതരും നികൃഷ്ടരുമാക്കുന്ന ശിക്ഷയാണ്. 2) ഇമാം സമഖ്ശരിയെപ്പോലുള്ള പണ്ഡിതന്മാരുടെ വീക്ഷണത്തിൽ عَذَابٌ مُّهِينٌ അനന്തമായ ശിക്ഷയാണ്. സാധാരണ ശിക്ഷ കുറ്റം അർഹിക്കുന്ന അളവിലുള്ളതായിരിക്കും. അത് അനുഭവിച്ചുകഴിഞ്ഞാൽ രക്ഷപ്പെടാം. ദൈവിക ദീനിനെ പുഛിച്ചു തള്ളൽ, വിഗ്രഹാരാധന പോലുള്ള കുറ്റങ്ങളുടെ ശിക്ഷ ഒരിക്കലും അനുഭവിച്ചുതീരില്ല. എന്നെന്നും ശിക്ഷിക്കപ്പെട്ടവനായിരിക്കുക എന്നത് ഏറ്റവും വലിയ അധമത്വവും അപമാനവുമാകുന്നു. കഠിനമായ പീഡനം അനുഭവിക്കേണ്ടിവരുന്ന ശിക്ഷയാണ് عَذَابٌ أَلِيمٌ. നികൃഷ്ട ശിക്ഷ ശാശ്വതമായിരിക്കുന്നതോടൊപ്പം കൊടിയ പീഡനങ്ങളുള്ളതുമായിരിക്കും. സുഖസൗഭാഗ്യങ്ങൾ സംബന്ധിച്ച അറിയിപ്പാണ് بشارة. ഇവിടെ ശിക്ഷയുടെ സുവാർത്ത അറിയിക്കുക എന്നു പറയുന്നതിലൂടെ ശിക്ഷിക്കപ്പെടുന്നവരെ പുഛിക്കുകയും പരിഹസിക്കുകയുമാണ്. ശിക്ഷാർഹനായ വികൃതിക്കുട്ടിയോട് 'നിനക്ക് ഞാൻ നല്ല ചൂരൽ പായസം നൽകുന്നുണ്ട്' എന്ന് അധ്യാപകൻ അല്ലെങ്കിൽ രക്ഷിതാവ് പറയുന്നതുപോലെയാണിത്. പ്രവാചകനെ തോൽപിക്കാൻ സഭകൾ വിളിച്ചുകൂട്ടി പേർഷ്യൻ കഥകളവതരിപ്പിച്ചിരുന്ന നദ്ർ ബിൻ ഹാരിസ് ബദ്റിൽ കൊല്ലപ്പെടുകയായിരുന്നു. ഈ സൂക്തത്തിലെ മുന്നറിയിപ്പിന്റെ സാക്ഷാത്കാരമെന്നോണം അങ്ങേയറ്റം അപമാനിതവും അവഹേളിതവുമായിരുന്നുവത്രെ അയാളുടെ അന്ത്യം.

ഈ സൂക്തങ്ങൾ ഏതെങ്കിലും കലാ രൂപങ്ങളെ പ്രത്യേകം പരാമർശിക്കുന്നില്ല. لَهْوَ الْحَدِيثِ -നെ പൊതുവിലാണ് പരാമർശിക്കുന്നത്. മദ്ഹബ് പണ്ഡിതന്മാർ സംഗീതത്തെ

മൊത്തത്തിൽ لَهْوَ الْحَدِيثِ ആയി വിലയിരുത്തുകയും നിഷിദ്ധമെന്ന് വിധിക്കുകയും ചെയ്തിരിക്കുന്നു. സംഗീതം അനഭിലഷണീയമാകുന്നു എന്നാണ് എല്ലാ ഫുഖഹാക്കളുടെയും നിലപാടെന്ന് ഇമാം ഖുർത്വുബി പ്രസ്താവിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച കാഴ്ചപ്പാടുകളെ ഇങ്ങനെ സംഗ്രഹിക്കാം:

ലൈംഗിക വികാരം വിജ്രംഭിപ്പിക്കുന്നതും സ്ത്രീസൗന്ദര്യവും ലൈംഗിക കേളികളും വർണിക്കുന്നതും മദ്യം പോലുള്ള നിഷിദ്ധങ്ങളെ മഹത്വപ്പെടുത്തുന്നതുമായ സംഗീതം നിഷിദ്ധമാണെന്ന കാര്യത്തിൽ നാലു മദ്ഹബുകളും ഏകോപിച്ചിരിക്കുന്നു. അത്തരം പരിപാടികളവതരിപ്പിച്ച് പ്രതിഫലം പറ്റുന്നതും നിഷിദ്ധമാകുന്നു.

മുകളിൽ പറഞ്ഞ ദോഷങ്ങളില്ലാത്ത സംഗീതം ഈദ് ആഘോഷങ്ങളിലും കല്യാണാഘോഷങ്ങളിലും അതുപോലുള്ള മറ്റവസരങ്ങളിലും മിതമായ തോതിൽ അനുവദനീയമാകുന്നു. കഠിനമായ കായികാധ്വാനങ്ങൾ ചെയ്യുമ്പോൾ ഊർജസ്വലത വർധിപ്പിക്കാനും ക്ലേശം ലഘൂകരിക്കാനും ഗാനാലാപനമാവാം, ഒട്ടകത്തെ തെളിക്കുന്നവരുടെ പാട്ടും അനുവദനീയമാകുന്നു.

സൂഫികളുടെ ഗാനോപാസനയും പുല്ലാങ്കുഴൽ, ഗിറ്റാർ, വീണ തുടങ്ങിയ ഉപകരണങ്ങൾ കൊണ്ടുള്ള സംഗീതവും നിഷിദ്ധമാകുന്നു. ഇടയന്മാരുടെ വീണ വായന സംശയാസ്പദമാകുന്നു. ദഫ് മുട്ട് അനുവദനീയമാണ്.

യുദ്ധവേളയിൽ ചെണ്ടയും മദ്ദളവും വായിക്കുന്നത് അനുവദനീയമാകുന്നു. പ്രവാചകൻ (സ) മദീനയിലെത്തിയപ്പോൾ മദീനക്കാർ വാദ്യോപകരണങ്ങൾ വായിച്ചുകൊണ്ടാണ് തിരുമേനിയെ സ്വാഗതം ചെയ്തത്. അബൂബക്ർ (റ) വിലക്കാൻ തുനിഞ്ഞപ്പോൾ നബി (സ) അദ്ദേഹത്തെ തടഞ്ഞു: ''അവരെ വിട്ടേക്കൂ, അബൂബക്ർ, നമ്മുടെ ദീൻ വിശാലമാണെന്ന് യഹൂദർ മനസ്സിലാക്കട്ടെ.''

കല്യാണാഘോഷത്തിൽ ദഫ് മുട്ടുന്നതും ആഭാസമില്ലാത്ത ഉത്തമഗീതങ്ങളാലപിക്കുന്നതും അനുവദനീയമാകുന്നു.

വിവാഹബന്ധം പാടില്ലാത്തവണ്ണം രക്തബന്ധമുള്ളവരല്ലാത്ത സ്ത്രീകളുടെ ഗാനാലാപനം കേൾക്കുന്നത് അനുവദനീയമല്ല. സ്ഥിരമായി ഗാന ശ്രവണത്തിൽ മുഴുകുന്നത് വിഡ്ഢിത്തമാകുന്നു. അത്തരക്കാരുടെ സാക്ഷ്യം സ്വീകാര്യമല്ല. അതൊരു സ്ഥിരം സ്വഭാവമല്ലാത്തവരുടെ സാക്ഷ്യം സ്വീകരിക്കാം.

ഇമാം അബൂഹനീഫയും ശാഫിഈയും അഹ്മദുബ്നു ഹമ്പലും ഗാനാലാപനം അനഭിലഷണീയം- كراهة ആണെന്ന പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. എല്ലാ ഫുഖഹാക്കളും ഏകകണ്ഠമായി ഗാനാലാപനം അനഭിലഷണീയമാണെന്ന് അഭിപ്രായപ്പെട്ടതായി ത്വബരി പ്രസ്താവിച്ചിരിക്കുന്നു.

വിവാഹം ചെയ്യാൻ പാടില്ലാത്തവണ്ണം രക്തബന്ധമുള്ള സ്ത്രീകളുടെ ഗാനാലാപനം പുരുഷന്മാർക്കു കേൾക്കാം. അന്യസ്ത്രീകളുടെ ശബ്ദം ആസ്വദിക്കുന്നത് ആശാസ്യമല്ല.

സംഗീതം- غناء- എന്നു പറയുന്നത് നിശ്ചിത താളത്തിലും ഈണത്തിലും ക്രമത്തിലുമുള്ള സ്വരവിന്യാസത്തെയാണ്. ഉപകരണ സംഗീതത്തോടൊപ്പമാകുമ്പോൾ നിഷിദ്ധതക്ക് ശക്തി കൂടുന്നു. നൃത്തത്തിന്റെ അകമ്പടി കൂടിയുണ്ടെങ്കിൽ നിഷിദ്ധത പിന്നെയും വർധിക്കുന്നു.

ഇതാണ് പൂർവ ഫുഖഹാക്കളുടെ പൊതുവായ കാഴ്ചപ്പാട്. മൃദുല വികാരങ്ങളുണർത്തി, മനുഷ്യമനസ്സിനെ മലിനമാക്കുന്ന, അശ്ലീലവും ആഭാസവും അധർമവും പ്രോത്സാഹിപ്പിക്കുന്ന സംഗീതത്തിന്റെ കാര്യത്തിൽ മാത്രമേ ആധുനിക ഫുഖഹാക്കളിൽ വലിയൊരു വിഭാഗം പൂർവ ഫുഖഹാക്കളോട് യോജിക്കുന്നുള്ളൂ. മനുഷ്യമനസ്സിനെ മലിനീകരിക്കുന്ന സംഗീതം മാത്രമല്ല, സാഹിത്യവും സിനിമയും നാടകവുമെല്ലാം നിഷിദ്ധമാണ്. എന്നാൽ മനസ്സിനെ രമിപ്പിക്കുന്നതോടൊപ്പം സത്യം, ധർമം, നീതി തുടങ്ങിയ മൂല്യങ്ങളിലുള്ള വിശ്വാസം ശക്തിപ്പെടുത്തുകയും സ്നേഹം, സാഹോദര്യം തുടങ്ങിയ വികാരങ്ങളെ ഉന്മിഷത്താക്കുകയും ചെയ്യുന്ന സംഗീതം ഉപകരണത്തോടു കൂടിയായാലും അല്ലെങ്കിലും അഭിലഷണീയമാകുന്നു എന്നാണവരുടെ നിലപാട്.

പ്രകൃത സൂക്തങ്ങൾ വിമർശിക്കുന്നത് സംഗീത കലകളുടെ പൊതുവായ പ്രയോഗത്തെയല്ല; ആളുകളെ സന്മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാനും സന്മാർഗത്തെ പരിഹസിക്കാനും ഉദ്ദേശിച്ചുള്ള സംഗീത-സാഹിത്യ-കലാ പ്രകടനങ്ങളെയാണ്. അനുവാചക മനസ്സുകൾ വിമലീകരിക്കാനും ദൈവിക മാർഗത്തിലേക്കാകർഷിക്കാനും ദൈവിക മാർഗത്തെ മഹത്വപ്പെടുത്താനും ഈ കലകളെ ഉപയോഗിക്കുന്നത് അഭിലഷണീയമാവുക എന്നത് അതിന്റെ മറുവശമാണ്. ഈ കാലഘട്ടം ഇസ്‌ലാമിക പ്രവർത്തകരോട് ആവശ്യപ്പെടുന്ന സമീപനവുമാണത്.

ആദികാല ഫുഖഹാക്കളെ സുകുമാര കലകളോട് കർശനമായ സമീപനം സ്വീകരിക്കാൻ പ്രേരിപ്പിച്ച ഒരു സാഹചര്യമുണ്ട്. ജാഹിലിയ്യാ കാലത്തും ഇസ്‌ലാമിന്റെ ആദ്യനാളുകളിലും അറബികളിൽ സുകുമാര കലകൾ കാര്യമായി വികസിച്ചിരുന്നില്ല. പ്രവാചകന്റെ വിയോഗാനന്തരം ഈജിപ്ത്, സിറിയ, ഇറാഖ്, ഇറാൻ തുടങ്ങിയ പ്രദേശങ്ങൾ ഇസ്‌ലാമിക രാജ്യത്തിന്റെ ഭാഗങ്ങളായി. അറബികളെ അപേക്ഷിച്ച് സംഗീതത്തിലും സാഹിത്യത്തിലും കലകളിലും ഏറെ പുരോഗമിച്ച സമൂഹങ്ങളായിരുന്നു അവ. ഇസ്‌ലാമിക സമൂഹമായതോടെ അവരുടെ സംഗീതവും സാഹിത്യ-കലകളും മക്കയും മദീനയും ഉൾപ്പെടെയുള്ള മുസ്‌ലിം നാടുകളിലേക്കും പരന്നു. സാധാരണ അറബികളെ അത് വല്ലാതെ ആകർഷിക്കുകയും ചെയ്തു. ധാരാളമാളുകൾ മതപരവും ധാർമികവും സാമൂഹികവുമായ ഉത്തരവാദിത്തങ്ങൾ അവഗണിച്ചുകൊണ്ട് സംഗീതാദി വിനോദങ്ങളിൽ ആമഗ്നരായിക്കൊണ്ടിരുന്നു. അതിനെതിരെ ഫുഖഹാക്കളുടെ ഭാഗത്തുനിന്നുണ്ടായ പ്രതികരണമാണ് സംഗീത കലയോടുള്ള കർശനമായ നിലപാട്. ജീവിതം കേവലം പാട്ടിലും കൂത്തിലും പാഴാക്കുന്നത് നിഷിദ്ധം തന്നെയാണ്. ഏതു കാര്യത്തിലും ഇസ്‌ലാം മിതത്വം അനുശാസിക്കുന്നു. ചില ഫുഖഹാക്കൾ ദഫ് ഒഴിച്ചുള്ള സകല സംഗീതോപകരണങ്ങളും നിഷിദ്ധമെന്നു വിധിച്ചു. അവർ പക്ഷേ, പരിധിവിടുന്നത് തടയുന്ന തിരക്കിൽ പരിധിക്കകത്തുള്ളതും പുറത്താക്കുകയായിരുന്നു. സംഗീതനിഷേധത്തിന് ചില പ്രമാണങ്ങൾ ഉദ്ധരിക്കപ്പെടുന്നുണ്ട്. എന്നാൽ സംഗീതത്തിന്റെ അനുവദനീയതക്കും ധാരാളം പ്രമാണങ്ങൾ കാണാം. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: ഒരു പെരുന്നാളിന് പ്രവാചക ഭവനത്തിൽ രണ്ട് പെൺകുട്ടികൾ

സംഗീതമാലപിക്കുന്നത് കേട്ടുകൊണ്ട് അബൂബക്ർ (റ) കയറിവന്നു. അദ്ദേഹം അവരോട് കയർത്തു: 'പ്രവാചക ഭവനത്തിൽ ചെകുത്താന്റെ വീണയോ?' പ്രവാചകൻ അദ്ദേഹത്തെ വിലക്കിക്കൊണ്ട് പറഞ്ഞു: 'അവരെ വിട്ടേക്കൂ അബൂബക്ർ. നമുക്ക് ഇന്ന് പെരുന്നാളാണല്ലോ.' അബൂബക്റി(റ)ന്റെ ചോദ്യത്തിൽ പെൺകുട്ടികൾ പാട്ടിനൊപ്പം ഏതോ വാദ്യം വായിച്ചിരുന്നുവെന്ന സൂചനയുണ്ട്. വാദ്യസംഗീതത്തിനൊത്ത് അവർ താളം ചവിട്ടുകയും ചെയ്തിരുന്നുവെന്ന് അനുമാനിക്കുന്നതിൽ അസാംഗത്യമില്ല. കല്യാണ വേളകളിൽ പാട്ടുപാടി ആഘോഷം പൊലിപ്പിക്കാൻ നബി (സ) സ്ത്രീകളെ പ്രോത്സാഹിപ്പിച്ചിരുന്നതായി പ്രബലമായ നിവേദനങ്ങളുണ്ട്.

പ്രവാചകൻ (സ) മദീനയിലെത്തിയപ്പോൾ മനോഹരമായ സ്വാഗതഗാനമാലപിച്ചുകൊണ്ടാണ് മദീനയിലെ സ്ത്രീപുരുഷന്മാർ അദ്ദേഹത്തെ സ്വാഗതം ചെയ്തത്. ഈ ഗാനത്തിന് തബല പോലുള്ള വാദ്യോപകരണങ്ങളുടെ അകമ്പടിയുണ്ടായിരുന്നു. അബൂബക്ർ (റ) അതു വിലക്കാൻ തുനിഞ്ഞപ്പോൾ പ്രവാചകൻ പറഞ്ഞു: دَعْهُن يَا أَبَابَكر حَتى تَعْلَم اليَهُود ان دِيننَا فَسِح 'അവരെ വിട്ടേക്കൂ, അബൂബക്ർ. നമ്മുടെ ദീൻ, വിശാലമാണെന്ന് യഹൂദർ അറിയട്ടെ.' അഹ്സാബ് യുദ്ധവേളയിൽ ശത്രുക്കളുടെ കടന്നാക്രമണം തടയാൻ പ്രവാചകനും ശിഷ്യന്മാരും പാട്ടുപാടി മദീനക്കു ചുറ്റും കിടങ്ങു കുഴിച്ച ചരിത്രം പ്രസിദ്ധമാണ്. ഒട്ടക സാരഥികർ അവയുടെ നടത്തം ത്വരിപ്പിക്കാൻ പാട്ടുപാടുക സാധാരണമായിരുന്നു. നബി (സ) ഒരിക്കലും അതു തടഞ്ഞിട്ടില്ല.

അശ്ലീലവും ആഭാസവുമില്ലാത്ത, അനാശാസ്യങ്ങൾക്ക് പ്രചോദനമേകാത്ത ഉത്തമ സംഗീതം ശരീഅത്ത് വിലക്കുന്നില്ല. അത് വിലക്കാൻ പ്രവാചകന്റെ പ്രഥമ ശിഷ്യനായ അബൂബക്ർ സിദ്ദീഖി(റ)നെപ്പോലും തിരുമേനി അനുവദിച്ചിട്ടുമില്ല. ജീവിതത്തിന്റെ മറ്റു ഉത്തരവാദിത്തങ്ങളെല്ലാം അവഗണിച്ച് സംഗീതാസ്വാദനത്തിൽ മാത്രം നിമഗ്നമാകുന്നതിനെ തീർച്ചയായും ഇസ്ലാമിക ശരീഅത്ത് വിലക്കുന്നുണ്ട്. മറ്റെന്തിലുമെന്നപോലെ സംഗീതത്തിലും അതിന്റേതായ മിതത്വം പാലിക്കേണ്ടതുണ്ട്. നബി (സ) പ്രസ്താവിച്ചതായി അനസി(റ)ൽനിന്ന് *കശ്ഫുൽ ഖഫാഇ്* (1:524) ഉദ്ധരിക്കുന്നു: رَوّحوالقُلُوب ساعة بعد ساعة (ഇടക്കിടെ നിങ്ങൾ മനസ്സിനെ ഉല്ലാസഭരിതമാക്കിക്കൊണ്ടിരിക്കണം). ഏതാണ്ടിതേ അർഥത്തിലുള്ള ഒരു നിവേദനം ഹൻളലതുൽ സൈദിയിൽനിന്ന് ഇമാം മുസ്ലിമും (2750) ഉദ്ധരിച്ചിരിക്കുന്നു. ●